# HIGH COURT OF KERALA
# TEST FOR SELECTION TO THE POST OF TRANSLATOR (NCA VACANCIES)

17.08.2013

Max. Marks : 50
Duration : Two hours
(10.30 a.m. to 12.30p.m.)

1. Translate the following into Malayalam:

Democratic institutions are important organs for successful functioning of system in the interest of people. Democracy which is popularly known as 'Government of the people, by the people and for the people' is, nowadays, in hot public debate and Joseph Stieglitz, eminent economist, has said it as "Government of the 1%", by the 1%, for the 1%". We see, people has been feeling helpless and gets frustration by the functioning style of the democratic institution. This concern is amply demonstrated from the lecture delivered by the then Hon'ble Chief Justice of India in the Supreme Court's Bar Association on the occasion of 'Law Day' on 26th day of November, 2011 when he said:

> "Today the crisis of confidence in human institutions has come to the forefront. The deficiency of every institution in tackling the growing and complicated social problems has become a common feature. It is a challenge for every institution. Every democratic institution needs to meet this challenge".

It is matter of common knowledge that democracy, which is founded upon rule of law, is result of constant historical struggle to free the man from exploitation, discrimination and unjust treatment. Democracy has replaced the 'Kingship' which was governed by divine right theory of the origin of the State. It (democracy) presupposes social contract, (social contract theory of the origin of the State) between rulers and ruled, thus the authority acquired through political process is trust in the hand of person holding power in the democratic setup. "We, the People", in the preamble of the Indian Constitution confirms the concept of people's consensus in the origin of the State.

(15 Marks)

p.t.o.

II Translate the following into English:

പ്രത്യേകമായ രഹസ്യവിവരം സമാഹരിച്ചതിന്റെ അടിസ്ഥാനത്തിൽ 8–10–2012 തീയതിയിലെ 2529065 നംപർ പ്രകാരം കയറ്റുമതിക്കായി തയ്യാറാക്കിവച്ചിരുന്ന ഒരു കണ്ടെയ്നർ വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിൽ തടഞ്ഞുവെയ്ക്കുവാൻ ഈ ഡയറക്ട്രേറ്റ് കല്പന കൊടുത്തു. രഹസ്യ വിവര പ്രകാരം കണ്ടെയ്നറിൽ ഉണ്ടായിരുന്നത് കയറ്റുമതി നിരോധിക്കപ്പെട്ട രക്തചന്ദനമുട്ടികൾ ആയിരുന്നു. എന്നാൽ അവ കയർ ഉല്പന്നങ്ങൾ എന്ന് തെറ്റായി പ്രസ്താവിച്ചിരിക്കുകയായിരുന്നു. വിശദമായ പരിശോധനക്കുവേണ്ടി അത് ഗേറ്റ്വേ ലിമിറ്റഡ് എന്ന പേരിലുള്ള കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനിലേക്ക് മാറ്റുവാൻ നിർദ്ദേശിച്ചു. ഐ.സി.ടി.ടി. വല്ലാർപാടത്തിന്റെ അധികാരികൾ ചരക്കിന്റെ പരിശോധന അവരുടെ പരിസരത്ത് നടത്തുവാൻ കഴിയുകയില്ല എന്ന് അറിയിച്ചതുകൊണ്ടാണ് കണ്ടെയ്നർ അങ്ങോട്ട് മാറ്റിയത്. 17–11–2012 ന് രാവിലെ ഉദ്ദേശം 8 മണിക്കാണ് കണ്ടെയ്നർ, സീൽ ഭദ്രമായ അവസ്ഥയിൽ, ഗേറ്റ്വേ ലിമിറ്റഡിന്റെ പരിസരത്തേയ്ക്ക് മാറ്റിയത്. താഴെ ഒപ്പിട്ടിരിയ്ക്കുന്ന സ്വതന്ത്ര സാക്ഷികളോട് പരിശോധന പ്രക്രിയ്ക്ക് സാക്ഷി നില്ക്കണം എന്ന് ആവശ്യപ്പെടുകയും അവരേയും കസ്റ്റംസ് ഉദ്യോഗസ്ഥരേയും പരിസരത്തേയ്ക്ക് കൊണ്ടുവരുകയും ചെയ്തു. കാർഗോ ഉൾപ്പെടെയുള്ള കണ്ടെയ്നറിന്റെ തൂക്കം കണക്കാക്കി. സീലുകളുടെ അടയാളങ്ങൾ ബില്ലിന്റെ അസ്സലുമായി ഒത്തുനോക്കി ശരിയെന്ന് കണ്ടു. അതിനുശേഷം സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ടി സീലുകൾ പൊളിച്ചു തുറന്നു. ടി കണ്ടെയ്നറിന്റെ വാതിൽ തുറന്നപ്പോൾ കയർ ഉല്പന്നങ്ങൾ കണ്ടു. അവ പുറത്തിറക്കി. അവ മാറ്റിയപ്പോൾ, കണ്ടെയ്നറിന്റെ അങ്ങേ അറ്റത്ത് പല വലുപ്പത്തിലുള്ള മരക്കഷ്ണങ്ങൾ അടുക്കിവെച്ചിരിക്കുന്നത് കണ്ടു. സൂക്ഷ്മമായ പരിശോധനയിൽ ആ മരകഷ്ണങ്ങൾ രക്തചന്ദനമാണ് എന്ന് മനസ്സിലായി. അവ പല വലുപ്പത്തിൽ ഉള്ളവയായിരുന്നു. അവ തൊലി കളഞ്ഞ അവസ്ഥയിലും ഭാഗികമായി ഉണങ്ങിയതും ആയിരുന്നു.

(15 Marks)

III. Give the most precise Malayalam word/words for the following:

1. Approver
2. Acquiescence
3. Antiquity
4. Conspiracy
5. Corroboration
6. Confession
7. Proviso
8. Identification
9. Fructify
10. Proximity
11. Illustration
12. Testimony
13. Predicament
14. Partition by metes and bounds
15. Mutatis Mutandis
16. Inundate
17. Evolution
18. Corrigendum
19. Impugned order
20. Ultra vires

(10 Marks)

IV. Give the most precise English word(s)/Legal terms for the following:

1. വ്യവഹാര കാരണം
2. പ്രാരംഭവിധി
3. അധികാരപരിധി
4. താല്ക്കാലിക നിരോധന ഉത്തരവ്
5. സ്ഥാവര ജംഗമ വസ്തുക്കൾ
6. പ്രഥമദൃഷ്ട്യാ
7. കുറ്റസമ്മതമൊഴി
8. സ്വമേധയാ കൊടുത്ത മൊഴി
9. മുൻ ഉപാധി
10. മേലാദായം
11. സാധൂകരണം
12. ബഹുമുഖ വ്യക്തിത്വം
13. പെട്ടെന്ന് ഉണ്ടായ പ്രകോപനം
14. അടിസ്ഥാന തത്ത്വങ്ങൾ
15. ആനുപാതികമായി കുറവ് വരുത്തുക
16. ദുഷ്പ്രചരണം
17. ത്വരിതപ്പെടുത്തുക
18. മന:സാക്ഷി
19. ദിനസ്മരണ
20. പൈതൃകഗുണം

(10 Marks)